# പതിമൂന്നാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2370** **08.07.2015 ലെ മറുപടിയ്ക്ക്**

## കായംകുളം കായലിന്റെ ഉപജലപാത

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.സി.കെ.സദാശിവൻ | | പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| **എ)** ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി ദേശിയ ജലപാതയിൽ നിന്നും ഡി.റ്റി.പി.സി അമിനിറ്റി സെന്റർ വരെയുള്ള കായംകുളം കായലിന്റെ ഉപജലപാത ആഴവും, വീതിയും കൂട്ടുന്ന പദ്ധതിയ്ക്കായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള കേരള സ്റ്റേറ്റ് ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏന്തെല്ലാം വ്യവസ്ഥകൾ പാലിച്ചാണ് പദ്ധതി നടപ്പാക്കേണ്ടതെന്നും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രസ്തുത ഏജൻസിയ്ക്ക് നൽകിയിട്ടുണ്ടോ എന്നും വിശദമാക്കാമോ | (എ) | കെ.ഐ.ഐ.ഡി.സി. സർക്കാരിൽ നിന്നും ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം ധനകാര്യം ജലസേചനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് നടപ്പിലാക്കി വരുന്നത്. |
| **ബി)** കരാർ ഏറ്റെടുത്ത കമ്പനികൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ആഴവും, വീതിയും കൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണ് ഏതെല്ലാം നടപടിക്രമങ്ങൾ പാലിച്ചാണ് നീക്കം ചെയ്യേണ്ടതെന്നും വ്യക്തമാക്കാമോ; | (ബി) | കായംകുളം കായലിലെ ഉപരിജലപാത ആഴവും വീതിയും കൂട്ടുന്ന കരാറുകാരൻ താഴ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രവർത്തിയെടുക്കേണ്ടത്.<br>1. കായലിൽ നിന്നും കുഴിച്ചെടുക്കുന്ന മണ്ണ് ഒരു കിലോമീറ്റർ വിസ്തൃതിക്കുള്ളിൽ നിക്ഷേപിക്കാൻ പാടില്ലാത്തതാണ്.<br>2. വള്ളങ്ങളുടെ സുഗമമായ സഞ്ചാരത്തിന് വഴിയൊരുക്കാൻ ലോ വാട്ടർ ലെവലിൽ നിന്ന് 2.5 മീറ്റർ വരെയുള്ള എല്ലാ ചെളിയും മണലും മാറ്റേണ്ടതാണ്.<br>3. ഇങ്ങനെ മാറ്റുന്ന പ്രക്രിയ വഴി അതിനടുത്തുള്ള ഭിത്തികൾക്കോ പാർശ്വഭിത്തികൾക്കോ മറ്റ് കെട്ടിടങ്ങൾക്കോ ബലക്ഷയം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ട |

താണ്.

4. നിലവിലുള്ള ബോട്ട് സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കാൻ പാടില്ല.
5. കെ.ഐ.ഐ.ഡി.സി നിർദ്ദേശിക്കുന്ന ഭാഗത്തു നിന്നു മാത്രമേ ചെളിയും മണലും നീക്കാൻ പാടുള്ളൂ.

**സി)** ഉപജലപാതയുടെ ആഴം കൂട്ടലുമായി ബന്ധപ്പെട്ട ഡ്രഡ്ജിംഗ് തടസ്സപ്പെടുത്തിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്നും പ്രശ്ന പരിഹാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ തടസ്സപ്പെടാനുള്ള മുഖ്യകാരണം അവിടെ നിന്നും നീക്കം ചെയ്യാനുദ്ദേശിക്കുന്ന ചെളിയിലും മണലിലും ധാതുക്കൾ അടങ്ങിയിരിക്കാൻ സാധ്യതയുണ്ടെന്ന് ജിയോളജി വകുപ്പ് ചൂണ്ടിക്കാണിക്കുകയും അങ്ങനെയുണ്ടെങ്കിൽ അത് തിട്ടപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചതിനാലുമാണ്. നിലവിൽ ഇവിടെ നിന്നുള്ള ചെളിയുടെയും മണലിന്റെയും സാമ്പിളുകൾ KMMRL, IRE എന്നീ സ്ഥാപനങ്ങളും അറ്റോമിക് എനർജി വകുപ്പും അവരവരുടെ ലാബുകളിൽ പ്രത്യേകം പ്രത്യേകം പരീക്ഷണങ്ങൾക്ക് വിധേയമാക്കി ഇതിൽ നിന്നും കിട്ടിയ അറിവിൻ പ്രകാരം നിർദ്ദിഷ്ട കനാലിന്റെ അടിത്തട്ടിൽ നിന്നും കുഴിച്ചെടുക്കുന്ന ചെളിയിലും മണ്ണിലും അടങ്ങിയിരിക്കുന്ന ധാതുക്കൾ ലാഭകരമായ രീതിയിൽ വേർതിരിച്ചെടുക്കാൻ സാധിക്കില്ല എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടതിനാൽ കളക്ടറുടെ അദ്ധ്യക്ഷതയിലും, മൈനിംഗ് ജിയോളജി വകുപ്പ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിലും 27/02/2015 ൽ കൂടിയ മീറ്റിംഗിൽ ഡ്രഡ്ജിംഗ് പുനഃരാരംഭിക്കാനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**ഡി)** നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഏജൻസി, ബന്ധപ്പെട്ട വകുപ്പുകൾ, കരാറുകാർ എന്നിവരുടെ ഭാഗത്ത് നിന്നും എന്തെങ്കിലും വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ എന്തൊക്കെ വീഴ്ചകൾ ആണെന്നും ദേശീയ ജല പാതയിൽ നിന്നും ഹൗസ്ബോട്ടുകളും മറ്റു മോട്ടോർ ബോട്ടുകളും

(ഡി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ആരുടെയെങ്കിലും ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മഴക്കാലം തുടങ്ങിയതിനാൽ പ്രവർത്തികൾ വേഗം തീർക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കാൻ 2015 നവംബർ 30 വരെ

| | |
|---|---|
| കടന്നുവരുന്നതിനും കായംകുളം ജലോത്സവം സുഗമമായ രീതിയിൽ നടത്തുന്നതിനും വേണ്ടി ഉപജലപാത വീണ്ടെടുക്കുന്ന പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കാ മോ? | കാലാവധി കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ